## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7465** **17-07-2012 - ലെ മറുപടിയ്ക്ക്**

## ചിറയിൻകീഴ് മണ്ഡലത്തിലെ തെങ്ങുകൃഷി പുനരുദ്ധാരണപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) തെങ്ങു കൃഷിപുനരുദ്ധാരണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) നാളികേര വികസന ബോർഡ് കൃഷി വകുപ്പുമായി സംയോജിച്ച് നടത്തുന്ന പദ്ധതിയാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി. 2009-10 ൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇപ്പോൾ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. രോഗം ബാധിച്ചതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചു മാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വച്ചു പിടിപ്പിക്കുകയും മറ്റുള്ള തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം നൽകി ഉൽപാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലായി നടപ്പിലാക്കുന്ന പദ്ധതി ഒരു പൈലറ്റ് പ്രോജക്ടായി 2009-10 ൽ ആണ് ആരംഭിച്ചത്. ഒന്നും രണ്ടും ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ തുടരുന്നു. മൂന്നാം ഘട്ട പദ്ധതി നടപ്പിലാക്കുന്നത് താഴെ പറയുന്ന ബ്ലോക്കുകളിലാണ്.<br><br>തിരുവനന്തപുരം - പാറശാല, ആര്യങ്കോട്, നെയ്യാറ്റിൻകര.<br><br>കൊല്ലം - പുനലൂർ, ചടയമംഗലം, വെട്ടിക്കവല, അഞ്ചൽ.<br><br>തൃശ്ശൂർ - വടക്കാഞ്ചേരി, പഴയന്നൂർ, ചാവക്കാട്, ചൊവ്വന്നൂർ, മുല്ലശ്ശേരി, ഒല്ലൂക്കര, അന്തിക്കാട്, പുഴയ്ക്കൽ. |
| (ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ ; | (ബി) 2009-10 ൽ ആരംഭിച്ച പദ്ധതി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. |

(സി) ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കിയ പരിപാടികൾ വിശദീകരിക്കാമോ; ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ ഏതെല്ലാം ?

(സി) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ചിറയിൻകീഴ് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന അഴൂർ, കിഴുവിലം, കടയ്ക്കാവൂർ, മുദാക്കൽ, ചിറയിൻകീഴ്, അഞ്ചുതെങ്ങ്, അണ്ടൂർക്കോണം എന്നീ ഏഴു പഞ്ചായത്തുകളിലെ മുറിച്ചു മാറ്റാനായി അടയാളപ്പെടുത്തിയ 51,683 തെങ്ങുകളിൽ 46,461 തെങ്ങുകൾ മുറിച്ചു മാറ്റുകയും 192.23 ലക്ഷം രൂപ തെങ്ങു മുറിച്ചു മാറ്റിയ ഇനത്തിൽ സബ്സിഡിയായി ഓൺലൈൻ ട്രാൻസ്ഫർ വഴിയും അക്കൗണ്ട് പേയി ചെക്കായും 11,989 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. മുറിച്ചു മാറ്റിയ ശേഷം തോട്ടങ്ങളിലുള്ള 2,60,665 ആരോഗ്യമുള്ള തെങ്ങുകൾക്ക് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെങ്ങുകൃഷി പുനരുദ്ധാരണത്തിനുള്ള സാമഗ്രികളായ രാസവളങ്ങൾ, പയറുവിത്ത് എന്നിവ 35280 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. കൂടാതെ പുനർ നടീലിനായി 9770 തെങ്ങിൻ തൈകളും ഈ ഏഴു കൃഷി ഭവനുകളിലൂടെ 20 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയുണ്ടായി.

സെക്ഷൻ ഓഫീസർ